# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com


Ref: 790/KCBC/K-6/KPR/DS 24.4.2021

കൊച്ചി: കോവിഡ്-19 ന്റെ അതിശക്തമായ രണ്ടാം വ്യാപനത്തെ പ്രതിരോധിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെ സർവാത്മന സ്വാഗതം ചെയ്തുകൊണ്ട് സർക്കാരിന് സർവവിധ പിന്തുണയും അറിയിക്കുന്നതായി കെസിബിസി പ്രസിഡണ്ട് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സർക്കാർ നൽകുന്ന നിർദേശങ്ങൾ തികഞ്ഞ ഗൗരവത്തോടെ പാലിച്ചുകൊണ്ടു സഭാംഗങ്ങൾ കോവിഡ്-19 നെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് കർദിനാൾ പറഞ്ഞു. കത്തോലിക്കാസഭയുടെ കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രികൾ ഇതിനോടകം തന്നെ കോവിഡ് രോഗികളെ ചികിത്സിക്കുന്നുണ്ട്. അവിടെ കോവിഡ് പരിശോധനകളും വാക്സിനേഷനും നടക്കുന്നു. വൈറസ് വ്യാപനത്തിന്റെ വർദ്ധനവു കണക്കിലെടുത്തു കത്തോലിക്കാസഭയുടെ ഉടമസ്ഥതയിലുള്ള എല്ലാ ആശുപത്രികളും സർക്കാർ നിർദേശങ്ങൾക്കനുസരിച്ച് ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന് സംലഭ്യമാക്കാൻ ബന്ധപ്പെട്ടവർ താത്പര്യമെടുക്കുമെന്നും കെസിബിസി പ്രസിഡണ്ട് പറഞ്ഞു.

കത്തോലിക്കാ ദൈവാലയങ്ങളിൽ ആരാധനകർമ്മങ്ങൾ നടത്തേണ്ടതും ദൈവാലയകർമ്മങ്ങളിലെ ജനപങ്കാളിത്തം ക്രമീകരിക്കേണ്ടതും സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടങ്ങളും നൽകുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം. കുമ്പസാരം, രോഗീലേപനം തുടങ്ങിയ ആത്മീയ ശുശ്രൂഷകൾ കോവിഡ് ബാധിതർക്കായി വൈദികർ പരികർമ്മം ചെയ്യുമ്പോൾ അതീവജാഗ്രതയും വിവേകപരമായ ഇടപെടലും വേണമെന്ന കാര്യവും കർദിനാൾ ഓർമ്മിപ്പിച്ചു.

ഈ മഹാവിപത്തിനെ നേരിടുന്നതിനായി എല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ട സമയമാണിത്. ആരോഗ്യപ്രവർത്തകരും സർക്കാർ സംവിധാനങ്ങളും ചെയ്തുവരുന്ന പരിശ്രമങ്ങൾ വിജയിക്കുന്നതിനും ഈ മഹാമാരിയെ അതിജീവിക്കുന്നതിനും പ്രാർത്ഥന ആവശ്യമാണ്. കത്തോലിക്കാസഭയും മറ്റു സഭകളും ഒന്നുചേർന്ന് 2021 മെയ് 7-ാം തീയതി ഒരു പ്രാർത്ഥനാദിനമായി ആചരിക്കുവാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്തിട്ടുണ്ടെന്നും കർദിനാൾ മാർ ആലഞ്ചേരി അറിയിച്ചു. സർക്കാരിനോടു സഹകരിച്ച് കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കെസിബിസി ഹെൽത്ത് കമ്മീഷന്റെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും പ്രവർത്തകരെ കർദിനാൾ അഭിനന്ദിക്കുകയും ചെയ്തു.

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറാൾ/സഭാവക്താവ്, കെസിബിസി
ഡയറക്ടർ പി.ഒ.സി


**PRESIDENT**
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

**VICE-PRESIDENT**
His Excellancy
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

**SECRETARY GENERAL**
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

**DEPUTY SECRETARY GENERAL**
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com